## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2939 | 22.02.2016-ൽ മറുപടിക്ക്

## കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ) നഗരങ്ങളിൽ പൊതുശൗചാലയങ്ങൾ/ സാമൂഹിക ശൗചാലയങ്ങൾ എന്നിവ ആവശ്യകത തിട്ടപ്പെടുത്തി നഗര പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിന് നഗര സഭകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കല്പ്പറ്റ, കൊയിലാണ്ടി, നെടുമങ്ങാട്, താനൂർ, മൂവാറ്റുപുഴ, പയ്യോളി തുടങ്ങിയ നഗരസഭകൾ പൊതു/സാമൂഹിക ശൗചാലയങ്ങൾക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടന്ന് അറിയിച്ചിട്ടുണ്ട് |
| (ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) ബന്ധപ്പെട്ട നഗരസഭകൾ/ കോർപ്പറേഷനുകളാണ് പൊതു/സാമൂഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടത്. ശുചിത്വ മിഷനിൽ നിന്നും ഇതിനോടകം സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രസ്തുത നിർമ്മാണ പ്രവർത്തികൾ നഗരസഭകൾ/ കോർപ്പറേഷനുകളെ അറിയിച്ചിട്ടുണ്ട്. PPP മോഡലിൽ പൊതു ശൗചാലയങ്ങൾ പണിയുന്നതിനും, പൊതു/സാമൂഹിക ശൗചാലയങ്ങളുടേയും നിർമ്മിതിക്കായി CSR ഫണ്ട് (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) സമാഹരിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ